I/109362/2023

**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യ വകുപ്പ്: ജീവനക്കാര്യം -ആരോഗ്യവകുപ്പിലെ അസിസ്റ്റൻറ് സർജൻ തസ്തികയിലെ പൊതുസ്ഥലം മാറ്റം 2023 - ഡോ. സുനിത.വി.എം, അസിസ്റ്റൻറ് സർജൻ- പുനർനിയമനം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. ഉത്തരവ് നം. ഇഎ2-2422/2023/ആ.വ.ഡ തീയതി 31/05/2023.

2.ഒ. എ. നം.922/2023/ മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 22/06/2023-ൽ പുറപ്പെടുവിച്ച ഉത്തരവ്.

**<u>ഉത്തരവ് നമ്പർ ഇഎ2-2422/2023/ആ.വ.ഡ, തീയതി:18-11-2023</u>**

ആരോഗ്യവകുപ്പിലെ അസിസ്റ്റൻറ് സർജൻ തസ്തികയിലെ 2023 പൊതുസ്ഥലംമാറ്റത്തിൽ തൃശൂർ ജില്ലയിലെ വരാന്തരപ്പിള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റൻറ് സർജനായ ഡോ. സുനിത.വി.എം-ന് (പെൻ. 491904) പരാമർശ (1) ഉത്തരവ് പ്രകാരം തൃശൂർജില്ലയിലെ വല്ലച്ചിറ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് ഡോ.സുരേഷ്കുമാർ.റ്റി.വി-ക്ക് പകരം സ്ഥലംമാറ്റം നൽകിയിരുന്നു. പ്രസ്തുത സ്ഥലംമാറ്റത്തിനെതിരെ ഡോ.സുരേഷ്കുമാർ.റ്റി.വി ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ (ഇ.കെ.എം) നം.922/2023 ഫയൽ ചെയ്തിട്ടുണ്ട്. ആയതിൻറെ ഇടക്കാല ഉത്തരവ് പ്രകാരം ഡോ. സുനിത.വി.എം-ന് സ്ഥലംമാറ്റപ്പെട്ട വല്ലച്ചിറ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് സാധിച്ചിട്ടില്ല. ടി സാഹചര്യത്തിൽ ഡോ. സുനിത.വി.എം-നെ ടി മെഡിക്കൽ ആഫീസറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ **തൃശൂർ ജില്ലയിലെ പട്ടിക്കാട് കുടുംബാരോഗ്യ കേന്ദ്രത്തിലെ** നിലവിൽ ഒഴിവുള്ള അസിസ്റ്റൻറ് സർജൻ തസ്തികയിലേക്ക് പുനർ നിയമനം നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഡോ. സുനിത.വി.എം അടിയന്തിരമായി പട്ടിക്കാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതും, ജോയിനിംഗ് തീയതി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

ജില്ലാ മെഡിക്കൽ ഓഫീസറും, സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിൻറെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

മേൽ പരാമർശിത (1) ഉത്തരവ് ഈ ഭേദഗതിയോടുകൂടി നിലനിൽക്കുന്നതാണ്.

Signed by
Dr Reena K J
Date: 18-11-2023 15:06:29
ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ. സുനിത.വി.എം, അസിസ്റ്റൻറ് സർജൻ

I/109362/2023

പകർപ്പ് :

1. അക്കൗണ്ടൻറ് ജനറൽ കേരള (എ&മാു;ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), തൃശൂർ
3. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
4. ഫയൽ/ സ്റ്റോക്ക് ഫയൽ